# കണക്കു പറയണം

## കണക്കു പറയണം

എന്താണുഹേ സചിവ പുംഗവ താങ്കളിന്നും
താന്തോന്നിയായിവിടെയിങ്ങനെ വാണിടുന്നു
സ്വന്തം ഹിതാനുസൃതമായ സ്വതന്ത്രഭേരി
യെന്തിന്നടിച്ചു ക്ഷിതിയിൽ ക്ഷതമേറ്റിവയ്പൂ

രാഷ്ട്രീയദേശഗതിതൻ നിലനോക്കിടാതെ
രാഷ്ട്രത്തിലെ ജ്ജനതതൻ ഗതികണ്ടിടാതെ
ഇഷ്ടത്തിനൊത്ത വിധമേതുസ്വതന്ത്ര യന്ത്രം
സൃഷ്ടിക്കിലും വിഫലമാണതു വഞ്ചിനാട്ടിൽ

ഇന്നാട്ടിലെ ജ്ജനതയേതു സ്വരാജ്യലബ്ധി
യ്ക്കിന്നോളവും പൊരുതിയെന്നുമതെന്തിനെന്നും
ഒന്നും ഭവാനറിയുവാനൊരു ഭാവമില്ല
യെന്നാകിൽ വന്നവഴിതന്നെ ഗമിയ്ക്ക നന്നാം.

പേരും പ്രകീർത്തിയുമിണങ്ങിയ ധർമ്മരാജ്യം
പാരം വിബോധ വിഭവം വിലസുന്ന രാജ്യം
നൂറായിരം പെരുമപെറ്റ ചരിത്ര വീര-
ന്മാരെസ്സവിച്ചധരയന്യനധീനയെന്നോ

നായർക്കു ക്രിസ്ത്യനൊട് ക്രിസ്ത്യനു നായരോടു
തീയർക്കുമവ്വിധമഹോ സമുദായമെല്ലാം
നായെന്ന മട്ടുകടികൂടിയിരിക്കുവാനായ്
ഈ യാന്ത്രികൻ നയവിദഗ്ദ്ധതകാട്ടിയത്രേ

വിദ്വേഷവായ്പു സമുദായ വഴിയ്ക്കു വച്ചി-
ട്ടുദ്ദേഷസിദ്ധിവരുവാൻ പണിചെയ്തുവെങ്കിൽ
ഇദ്ദേശയല്ല സചിവൻ പരദേശിയാണെ-
ന്നിദ്ദേശവാസികളറിഞ്ഞതിൽ മുക്തിനേടിൻ

സ്വേച്ഛാധികാരപരമായ് ഭരണം നടത്താൻ
സ്വേച്ഛയ്ക്കു പറ്റിയവരെങ്കിലവർക്കു ധീമൻ
ഇച്ഛാനുകൂലമധികാരതലം കൊടുത്തു
വച്ചേക്കുമെന്ന പൊരുളത്രപരന്നു പോയി

തന്മൂലമിസ്സചിവനെപ്പിരിയാതെ സ്വന്തം
നന്മയ്ക്കുവേണ്ടിയൊരുക്കൂട്ടരടുത്തുപറ്റി
സന്മാർഗ്ഗ ചിന്തകലരാതെ ചെരുപ്പുനക്കി
പ്പൊന്മേട തീർപ്പതിനു പാടുപെടുന്നു കഷ്ടം

അക്കൂട്ടരിൽ ചിലര് വാവലു പോലെ വന്നു
നിൽക്കുന്നു സംഘടനകൾക്കു സമൃദ്ധിയേകാൻ
തക്കം വരും പൊഴുതു സാധുജനത്തെയാശു
വിൽക്കുന്നു മന്ത്രിയുടെ ചൊൽപ്പടിയൊത്തു നിൽക്കാൻ

നാട്ടിൽപിറന്നു നരനെന്നു നടിച്ചിവണ്ണം
കാട്ടുന്ന കൂട്ടരുടെ ദുഷ്കൃതിയെന്നിമേലിൽ
നീട്ടില്ല നിങ്ങൾ ഞെളിയേണ്ട കണക്കുകൂട്ടി
നാട്ടാർക്കു നൽകി വഴിപോലെ ഗമിച്ചിടേണം